**Item Code:** 960 **Participant Code:** 109

# ശവം നാറി

ബാവ

മണിക് ശർമ്മ ഉണ്ടായിരുന്നെങ്കിൽ ,, രാത്രിയിലും പകലുമുള്ള ഈ ഡ്യൂട്ടി മടുത്തുതുടങ്ങി. നാലഞ്ചു ദിവസമായി ഈ ഇരുപ്പ് തുടങ്ങിയിട്ട്. മണികിന്റെ ഭാര്യാപിതാവിന് സുഖമില്ലത്രേ. അതുകൊണ്ട് അയാൾ ഭാര്യയെയും മക്കളെയും കൂട്ടി നാട്ടിൽ വരെയൊന്നു പോയി, ഭോപ്പാൽ വരെ. ബസ്സും ട്രെയിനുമെല്ലാം മാറിക്കയറി അവിടെയെത്താൻ തന്നെ വേണം രണ്ട് മൂന്ന് ദിവസം, പിന്നെ അവിടെ ചെന്ന് മൂന്നാല് ദിവസം നിക്കും. അതുകഴിഞ്ഞ് തിരിച്ചിങ്ങെത്തും രണ്ട് മൂന്ന് ദിവസത്തെ യാത്ര. മൊത്തം ഒന്ന്,, ഒന്നര ആഴ്ച്ചത്തെ അവധിയിലാണ് അയാൾ. അതുവരെ ഞാനിവിടയിങ്ങനെ,, ഈ ശവങ്ങൾക്ക് കാവൽ നിൽക്കണം, രാത്രിയും പകലുമെന്നില്ലാതെ... ആദ്യമൊന്നും ഈ നൈറ്റ് ഡ്യൂട്ടിയില്ലായിരുന്നു, ഈ ചടങ്ങ് തുടങ്ങിയിട്ട് ആറു മാസമേ ആയിട്ടുള്ളൂ. അതുവരെ പകൽ മാത്രം

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

കാവൽ, പട്ടാപ്പകലിന്റെ വെളിച്ചത്തിൽ ഞാനും ശവങ്ങളും
മാത്രം. ഒരു ദിവസം രാത്രി ഇവിടെയുണ്ടായിരുന്ന അറ്റൻഡർ
രാത്രിയുടെ മറവിൽ അനാഥമായി കിടന്ന ഒരു സുന്ദരി വേശ്യയുടെ
ശരീരത്തെ പ്രണയിച്ചു. അല്ല, പ്രണയിച്ചു എന്നു പറഞ്ഞാൽ
അത് തെറ്റാണ്, ഭോഗിച്ചു.. അയാൾ ആ ശരീരത്തെ ഭോഗിച്ചു
അങ്ങനെയാണ് ~~[illegible]~~ റെയിൽവേയിലെ കക്കൂസ് ക്ലീനർ മണിക്
ശർമ്മ ഇരുട്ടിൽ ശവങ്ങൾക്ക് ~~കൂട്ടിരുന്ന~~ കൂട്ടിരിക്കാൻ തുടങ്ങിയത്.

ഇന്നെങ്കിലും ഒന്ന് വീട്ടിൽ പോകണം,

സരോജിനി ഒറ്റയ്ക്കാണ്. അഞ്ച് ദിവസത്തിലധികം ഒരു
പൂർണ്ണ ഗർഭിണിയെ വീട്ടിൽ ഒറ്റയ്ക്കിരുത്തി വരുന്നത് ശരിയല്ല.
പത്ത്, പത്തരയൊക്കെ ആവുമ്പോൾ, ഡോക്ടർമാർ ഡ്യൂട്ടി
മാറുന്ന സമയത്ത് വീട്ടിൽ പോയി, പുലർച്ചയ്ക്ക് തിരിച്ചു
വരാൻ തക്കമുള്ള ഒരു സാഹചര്യം, ആ സെക്യൂരിറ്റിയുടെ
കാലും കയ്യും പിടിച്ച് ഞാൻ റെഡിയാക്കിയിട്ടുണ്ട്. വീട്ടിൽ
ചെല്ലണം സരോജിനിയെ കാണണം, ആ നിറവയറിൽ ഒരു
ചുടുചുംബനം നൽകണം. അവളെയൊന്ന് വാരിപ്പുണരണം.
എന്റെ കണ്ണുകൾ പ്രണയം കൊണ്ട് തുടിക്കുന്നതു പോലെ:
മനസ്സിൽ സരോജിനി മാത്രം, ~~ശവങ്ങ~~ ശവങ്ങളുടെ ആ
ദുർഗന്ധവും ഞാൻ ~~ആസ്വാദി~~ ആസ്വദിച്ചു, അതിന്

ചുവന്ന പനിനീരിന്റെ മണമായിരുന്നു. ആ ഗന്ധം ചുമരിന്റെ ഒത്ത നടുക്കായി തൂക്കിയിട്ടിരുന്ന ഘടികാരത്തെ ഒന്ന് തഴുകി. സമയം "സരോജിനി, സരോജിനി" എന്നു പറഞ്ഞുകൊണ്ട് ഒഴുകി. അങ്ങനെ കാത്തിരിപ്പിന് വിരാമമിട്ടുകൊണ്ട് ക്ലോക്ക് പറഞ്ഞു. സമയം പത്തരയായി... പിൻവാതിൽവഴി ഞാൻ പുറത്തേക്കിറങ്ങി. സെക്യൂരിറ്റിക്ക് കണ്ണുകൾകൊണ്ട് നന്ദി പറഞ്ഞ് ഞാൻ വീട് ലക്ഷ്യമാക്കി ഓടി... ആകാശത്തെ ചന്ദ്രൻ എന്നെ കള്ളച്ചിരിയോടെ നോക്കി, തിരിച്ച് ഒരു നാണച്ചിരി കൊടുത്ത് ഞാൻ പാഞ്ഞു. നക്ഷത്രങ്ങൾ എന്റെ പിന്നിലായി. ~~[illegible]~~ ~~[illegible]ത്തിലെ പ്രതിമകൾ ഒന്ന് പുഞ്ചിരിച്ചു. ഞാൻ കി~~ കിതച്ച് കിതച്ച് വിയർത്തൊലിച്ച് ഞാൻ വീട്ടിലെത്തി, വയറിനെ തഴുകിക്കൊണ്ട് കിനാവും കണ്ട് കണ്ണുകളച്ച് അവൾ ചാഞ്ഞിരിക്കുകയായിരുന്നു. എന്നെ പ്രതീക്ഷിച്ചിരിക്കുകയായിരിക്കും എന്നു കരുതി ഞാൻ പിന്നാലെ ചെന്ന് അവളെ കെട്ടിപ്പിടിച്ച്, തലമുടിയിലൂടെ ഒന്ന് വിരലോടിച്ചു. പെട്ടെന്ന് ഞെട്ടി അവൾ പിടഞ്ഞെഴുന്നേറ്റു, "ഓ നിങ്ങളായിരുന്നോ, ഞാൻ കരുതി ഇന്നു വരില്ലെന്ന്, പിന്നെ എന്തൊരു നാറ്റമാണിത്, ശവം നാറുന്ന് നിങ്ങളെ, ഇത്രയും ദിവസം കണ്ട ശവങ്ങളുടെ കൂടെ പൊറുത്തിട്ട്, എന്റെ അടുത്തേക്കു വരണ്ട,

നാറീട്ടു... അടുത്തു നിൽക്കാൻ വയ്യ..." ഞാൻ ആകെ...
സ്തംഭിച്ചു പോയി. ~~ഇതുപോലൊരു~~ ഇത്രയും പറയുന്നതിലും
നല്ലത് അവളെന്റെ മുഖത്ത് ആഞ്ഞടിക്കുന്നതായിരുന്നു...
അവൾ നിർത്തിയില്ല. "ദേ നോക്ക്.. രണ്ടാഴ്ച കൂടി കഴിഞ്ഞാൽ
ബാവ എന്നു വിളിക്കാൻ രണ്ടു പേർ വരും.. ഈ ജോലി
വിട്ടിട്ട് വൃത്തിയുള്ള വേറെ വല്ല ജോലിക്കും പോകണം...
പിള്ളേരെക്കൊണ്ട് 'ശവംനാറി ബാവ' എന്നു വിളിപ്പിക്കണോ..
അല്ലെങ്കിൽ തന്നെ ഈ കോളനിയിൽ എന്റെ പേര്...
"ശവംനാറിയുടെ കെട്ട്യോൾ' എന്നാണ്.. തിന്നുന്നത് ദാരിദ്ര്യം
പിന്നെ കൂട്ടിന് ഈ പേരും..." എന്റെ ഹൃദയം സ്തംഭിച്ചു-
പോയി.. എനിക്കു തെറ്റി അവൾ എന്നെ ഓർത്തല്ല ഇരുന്നത്;
എന്റെ വരവ് പ്രതീക്ഷിച്ചിരുന്നില്ല... ഞാൻ മരിച്ചുപോയി...
~~ഒരു~~ ഒരാത്മാവിനെപ്പോലെ ഞാൻ ~~അ~~ ആ വീടുവിട്ടിറങ്ങി,..
"കഴിക്കാതെയാണോ പോകുന്നത്" എന്ന അവളുടെ ചോദ്യത്തിന്
മറുപടി ഒന്നും നൽകാതെ ഞാൻ നടന്നു.. കാൽപാദങ്ങൾ
വിയർക്കുന്നുണ്ടായിരുന്നു... വേച്ചു വേച്ചു കുറച്ചു ദൂരം നടന്നു...
~~അപ്പോഴ~~ ഹൃദയം പൊട്ടിപ്പോകുന്നതുപോലെ,.. ~~കണ്ണുക~~...
നെഹ്റു പാർക്കിലെ ബെഞ്ചിൽ ഞാൻ ആശ്വാസം കണ്ടെത്തി
അവിടെയിരുന്ന് മനസ്സു ~~കുടഞ്ഞ്~~ തുറന്ന് ഒന്ന്... കരഞ്ഞു...

പെട്ടന്ന് ഒരു കരതലം എന്റെ പുറത്തിൽ തട്ടി, ഞാൻ തിരിഞ്ഞു നോക്കി, കണ്ടിട്ട് ഇവിടുത്തെ നാട്ടുകാരുടെ രൂപസാദൃശ്യമില്ല,. തെക്കെവിടെയോ ഉള്ള ഒരുവന്റെ രൂപം. 'എന്ത് പറ്റി' അയാൾ ഹിന്ദിയിൽ തന്നെ ചോദിച്ചു: നല്ല ഒഴുക്കുള്ള ഹിന്ദി, ഞാൻ എന്റെ പേരു പോലും പറയാതെ ഈ നിമിഷം വരെ എന്റെ ജീവിതത്തിൽ സംഭവിച്ചത് തേങ്ങിത്തേങ്ങിക്കൊണ്ട് പറഞ്ഞു,. അയാൾ നല്ലൊരു ശ്രോതാവായിരുന്നു,. വളരെ ശ്രദ്ധിച്ച് എല്ലാം കേട്ടു. എന്റെ കരച്ചിലിന്റെ ആക്കം കൂടിയപ്പോൾ പുറത്ത് തടവി സമാധാനിപ്പിച്ചു. ഞാൻ ചോദിച്ചു "നിങ്ങളുടെ പേര് എന്താണ്". "വി. ആർ സുധീഷ്". "ഇവിടെ എന്തിനു വന്നു", "ഞാൻ ചെറുതായിട്ടൊക്കെ എഴുതും., അപ്പോൾ ഒരു കവിയരങ്ങിനു പങ്കെടുക്കാൻ വന്നതാണ്" ഞാൻ ഒന്നിരുത്തി മൂളി,. ഇത്ര പറഞ്ഞുകൊണ്ട് തിരിഞ്ഞു, ഇത്രനേരത്തെ കൂട്ടിന് ഒരു വലിയ നന്ദിയും, അപ്പോൾ അയാൾ പറഞ്ഞു. "എനിക്കു തോന്നുന്നത് താൻ ഒരു ശവംമുറി സൂക്ഷിപ്പുകാരൻ മാത്രമല്ല, ആത്മാക്കളുറങ്ങുന്ന ഒരു തീവണ്ടിയുടെ കാവൽക്കാരനാണ്." ഞാൻ ഒന്ന് മന്ദഹസിച്ചുകൊണ്ട്,. ഉള്ളിലെ വിഷമങ്ങൾ കടിച്ചമർത്തി ആശുപത്രി ലക്ഷ്യമാക്കി നടന്നു.

Item Code: 950 Participant Code: 109

ഞാൻ ചെന്നുകയറിയപ്പോൾ തന്നെ ആ
കാവൽക്കാരൻ ഒന്ന് കുത്തിവിട്ടു "ഇത്രവേഗം നിനക്ക് പുലർച്ചയോ".
ആ ചോദ്യം കേൾക്കാത്തവണ്ണം, ഞാൻ പോയി. മോർച്ച-
റിയുടെ വാതിലിനു മുന്നിലത്തെ കസേര എന്റെ
ഇരിപ്പിടത്തിൽ ഇരുന്ന ശേഷം, ഞാൻ വേദനിച്ചുകൊണ്ടുറങ്ങി.
ആ മയക്കത്തിൽ, ഞാൻ കേട്ടു, ആരോ വാതിലിൽ ആഞ്ഞു
തട്ടുന്നു, ഞാൻ ഞെട്ടി കസേരയിൽ നിന്നെഴുന്നേറ്റു. ഞാൻ
പിന്നോട്ടാഞ്ഞു, തട്ടലിന്റെ ശക്തി കൂടി, വിറച്ചുകൊണ്ട്
ഞാൻ ആ വാതിൽ തുറന്നു, എന്റെ രോമങ്ങൾ എഴുന്നേറ്റു
നിന്നു. കണ്ണുകൾ പുറത്തേക്കു വന്നു, ഇന്ന
ഇന്നലെ വന്നു കിടന്ന ആശാരിച്ചാരായിരുന്നു അത്. അയാൾ
സംസാരം ആരംഭിച്ചു. മറ്റൊരു ആശാരിച്ചാർക്ക് വയലിൽ
നടപ്പിലത്തി വരികയായിരുന്നു, കാർ ഒരു ലോറിയിൽ
പോയി ഇടിച്ചു, മരിച്ചു. താൻ ഒരു മധ്യവയസ്കനാണെന്നും,
ജീവിച്ചു കൊതി തീർന്നിട്ടില്ലെന്നും, ഈ ഒരു രാത്രി തനിക്കു
തരണമെന്നും, നാളെ വീട്ടുകാർ വന്ന് ഏറ്റെടുത്താൽ
പിന്നെ താൻ ഒരു ഓർമ്മയാകുമെന്നും അയാൾ പറഞ്ഞു.
മനസ്സില്ലാ മനസ്സോടെ അയാളുടെ ആഗ്രഹത്തിന് ഞാൻ
കൂട്ടു നിന്നു. അയാളെ തുറന്നു വിട്ടു, രാത്രി ആസ്വദിക്കാൻ

അയാൾ പറഞ്ഞുതന്നു. നടന്നത് സത്യ ........

നടന്നത് സത്യമോ, അതോ മിഥ്യയോ എന്ന് തിരിച്ചറിയാനാകാതെ ഞാൻ തരിച്ചിരുന്നു. ആ തരിപ്പിനു ഒരു ഇടവേള നൽകിക്കൊണ്ട് വാതിലിൽ അടുത്ത കൊട്ട് വന്നു. ഞാൻ മെല്ലെ മെല്ലെ വാതിൽ തുറന്നു. അതൊരു സ്ത്രീയായിരുന്നു, എന്റെ മുഖത്തു നോക്കാതെ സാരിത്തുമ്പിനാൽ അന്തരീക്ഷത്തിൽ ചിത്രം വരച്ചുകൊണ്ട് ആ സ്ത്രീ എന്റെ മുന്നിൽ വന്നിരുന്നു. പരപുരുഷന്മാരുടെ മുഖത്ത് നോക്കില്ല എന്ന വാശി അവർക്കുള്ളതുപോലെ തോന്നി....

ആ സ്ത്രീ അവരുടെ ജീവിതം പറഞ്ഞു തുടങ്ങി. രണ്ടു പിഞ്ചു പൈതങ്ങളുടെ അമ്മയാണവർ, ഭർത്താവ് റെയിൽവേയിലെ കണ്ണൂസ് ക്ലീനർ. "മണിത് ശർമ്മയുടെ ഒഴിവിലേക്കു വന്നവന്റെ ഭാര്യ" ഞാൻ മനസ്സിൽ പറഞ്ഞു. അവർ തുടർന്നു, അടിയന്തരാവസ്ഥ കാലത്ത്, വിപ്ലവം സൃഷ്ടിച്ചുകൊണ്ട്.... കല്യാണം കഴിച്ചവൾ, കുഞ്ഞുങ്ങൾ പിറക്കാൻ വൈകിയതിൽ ഒരു വിഷമം ഉണ്ടായിരുന്നവൾ,... ധാരണി... ചാരത്ത് എന്ന റെയിൽവേ കോളനിയിൽ ആദ്യമായി അടിവസ്ത്രം ധരിച്ചവന്റെ ഭാര്യ, അതിൽ അവർ അഭിമാനിച്ചിരുന്നു. ആ അഭിമാനം തന്നെയായിരുന്നു അവരെ മരണത്തിലെത്തിച്ചത്.

ഭർത്താവിന്റെ അടിവസ്ത്രം കഴുകിക്കൊണ്ടിരിക്കവെ, അലക്കു-
കല്ലിനടുത്ത് കാൽ വഴുതി വീണു, തറയിൽ തലയിടിച്ചു
മരിച്ചു. "അന്തസ്സുള്ള മരണം" ഞാൻ പിറുപിറുത്തു.
പെട്ടെന്ന് ആ സ്ത്രീ മുഖമുയർത്തി പറഞ്ഞു, "എന്റെ കുഞ്ഞുങ്ങൾക്ക്
മമ്മിയില്ലാത്ത ഒരു ലോകത്തെ പറ്റി ചിന്തിക്കാൻ കഴിയില്ല".
എന്നെ തുറന്നുവിടണം, ഈ ഒരു രാത്രി എനിക്കവരുടെ
കൂടെ ഉറങ്ങണം, ഒരു അന്തിയുറക്കം". അവരുടെ
കണ്ണുകളിൽ ഞാൻ സരോജിനിയുടെ തിളക്കം കണ്ടു. ഞാൻ
പോകാനുള്ള അനുവാദം നൽകി.

ഇനിയാരും വരല്ലേ എന്ന് പ്രാർത്ഥിച്ചുകൊണ്ട്
ഞാൻ വീണ്ടും അവിടെയിരുന്നു. ഇരിക്കേണ്ട താമസം. കതകിൽ
പിന്നെയും ഒരു മുട്ടൽ. ഞാൻ ദേഷ്യം പിടിച്ചുകൊണ്ട്
വാതിൽ ആ ശക്തിയായി തുറന്നു. ഇത്തവണ
വന്നത് രണ്ടു ദിവസങ്ങൾക്ക് മുൻപ് കേറിപ്പോയ ഒരു
ചരിത്രാധ്യാപകൻ ആയിരുന്നു. നീണ്ട താടിയുള്ള ഒരു
അദ്ധ്യാപകൻ: "ഇനിയാർക്കും പുറത്തു പോകാൻ പറ്റില്ല".
ഞാൻ തറപ്പിച്ചു പറഞ്ഞു. അയാൾ പൊട്ടിച്ചിരിച്ചു,
"അതിന്, നിങ്ങൾക്കു വേണ്ടത് ഞങ്ങളുടെ ശരീരത്തെയല്ലേ,
അതിവിടെ വച്ചിട്ടല്ലേ ഞങ്ങൾ പോകുന്നത്, ആത്മാവ്

മാത്രമല്ല.. പുറത്തു പോകുന്നത്, പിന്നെന്താ..?" അമ്മയുടെ ചോദ്യത്തിന് ഞാൻ ഉത്തരം മുട്ടിപ്പോയി. "ഈ ഒരു രാത്രി കഴിഞ്ഞാൽ ഞാൻ വെറുമൊരു ചരിത്രമാണ്... കൂട്ടു കണ്ണാവും.., അടിമയായി കഴിച്ച ജീവിതം; ഈ ഒരു ~~രാ~~ രാത്രി കണ്ണാവിന്റെ കൂട്ടില്ലാതെ എനിക്കൊന്നുറ-ങ്ങണം.., ~~ഈ~~ ആ രാത്രി ഈ ഇരുട്ട് മാത്രം മതി എനിക്ക് കൂട്ടായിട്ട്". ഞാൻ എന്റെ മനസ്സിനെ നിയന്ത്രിച്ചു "പറ്റില്ല". അമ്മയുടെ കണ്ണുകൾ പുകഞ്ഞു ". ആളും കെട്ടികിടക്കുന്ന ആർത്ത-വരക്തം പോലെയാണ് എന്റെ മനസ്സ്". ഞാൻ ഒന്ന് ഞെട്ടി-പോയി. (അവൾ ഒന്ന് ശ്വാസമെടുത്തശേഷം തുടർന്നു) "നാം എല്ലാവരും ഈ ഭൂമിയിൽ നിന്നും ഒരു ദിനം ~~മാത്രം~~ യാത്രയാകും. കാൽപ്പാടുകൾ അവശേഷിപ്പിക്കാതെ, ~~ഈ~~ ഭൂമിക്ക് നന്ദി നേർന്നുകൊണ്ട്,. എന്നെ പോകാൻ അനുവദിക്കണം".. ഞാൻ മറുത്തൊന്നും പറഞ്ഞില്ല.. ~~അമ്മ~~ വാതിൽ മലർക്കെ തുറന്നിട്ടു, എന്നിട്ട് എല്ലാ ശവങ്ങളെയും ~~ഈ~~ യാത്രയാക്കി.. ഒന്നു നെടുവീർപ്പിട്ടു, എല്ലാവരും സ്വതന്ത്രരായി പറന്നകന്നു.........

........ അപ്പോൾ അടുത്ത ശവവുമായി അറ്റൻഡർ വന്നു, കൂടെ ഡോക്ടറുമുണ്ടായിരുന്നു, ~~ആ~~ ആ ശവത്തിനി അടുത്തെത്തുംതോറും .. നല്ല പരിചയമുള്ള മുഖം, ഒരു ..

ഞെട്ടലോടെ ഞാൻ തിരിച്ചറിഞ്ഞു. അതെന്റെ ...... സഹോദരിയുടെ ശരീരമാണ്. കൂടെ കുഞ്ഞ്, പാതിയെത്തിയ തണുത്തുറഞ്ഞ ശരീരങ്ങൾ, ഞാൻ ഒരു കൽപ്രതിമയായി മാറി, ശവങ്ങൾ എന്റെ അടുത്തു വന്നു...

ഡോക്ടർ പറഞ്ഞു: "പാവം. ഒരു ഗർഭിണിയായിരുന്നു, കുറച്ചു മുമ്പാണ് വയറുപൊട്ടി മരിച്ചത്, പെറ്റത് പെൺകുഞ്ഞായിരുന്നു", ഞാൻ തകർന്നടിഞ്ഞു, പക്ഷെ കരച്ചിൽ വരുന്നില്ല, ഞാൻ അവിടെയിരുന്നു: "അയൽവാസികളാണ് കൊണ്ടുവന്നത്, അവർ പുറത്തുണ്ട്." അരുൺസാറിനോട് ഇങ്ങനെ പറഞ്ഞ് ഡോക്ടർ പോയി.

........ ഞാൻ യാന്ത്രികമായി നടന്നു. അവ... വാതിൽ തുറന്നു, മുറിയിൽ ഞാനും സഹോദരിയും; തണുത്ത മഞ്ഞും, അവൾ അന്തരീക്ഷത്തിൽ ഉയർന്നുകൊണ്ട് പറഞ്ഞു: "നിങ്ങൾക്ക് ഇപ്പോൾ എന്റെ അതേ മനം". ഞാൻ കരഞ്ഞുകൊണ്ട് ചിരിച്ചു. കവി, പറഞ്ഞത് ശരിയാണ്. പല രോഗികളിൽ നിന്നും വന്ന ശവങ്ങളുമായി ഒരു ജീവനില്ലായിരുന്നു... ഈ മുറി എല്ലാവരും പോയി, ഈ ആത്മാക്കൾക്കിടയിൽ ജീവനുള്ള ഞാൻ ഒറ്റയ്ക്കായി, ജീവനില്ലാത്ത .....

സരോജിനി മല്ലികയെയും,, പൊന്തിൽത്തൊടികൾ ചുറ്റി . . .
ആത്മഹത്യ ചെയ്യേണ്ടി വന്ന ~~അ~~ എന്റെ രണ്ടു ~~കുഞ്ഞുങ്ങളെ~~
കുഞ്ഞുങ്ങളെയും കെട്ടിപ്പിടിച്ച് ഞാൻ ഞാൻ.. ആ ~~ശ~~. . . .
ശവങ്ങൾക്കിടയിൽ ഉറങ്ങി: . കുഞ്ഞുങ്ങൾ എന്നെ "ശവംതീനി
തള്ള" എന്നു വിളിക്കുന്നതുപോലെ തോന്നി. .. ശരിയാണ . .
ഞാ. ശവംതീനിയായിരുന്നു. അതിൽ പക്ഷേ ~~എല്ലാ~~ അ എല്ലാവരെയും
കൂടെ ഞാനും ഉറങ്ങി: ~~ഉറ~~ ഉറങ്ങിപ്പോയ എല്ലാ . . . . .
ആത്മാക്കളും ഒടുവിൽ . ശവങ്ങളുടെ ആ തീവണ്ടി~~യിൽ~~ മുറിയിൽ
ഞാൻ . മൃതമായി :